നമ്പർ.ജി(2) 4546/2014

ലേബർ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 29.12.2015.

## സർക്കുലർ നം:01/2016

വിഷയം:- തൊഴിൽ വകുപ്പ് - എൽ.സി.എ.എസ് - മുഖേന ഓൺലൈൻ സേവനങ്ങൾ ശക്തിപ്പെടുത്തുന്നത് - സംബന്ധിച്ച് -

തൊഴിൽ വകുപ്പിന്റെ വിവിധ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി ലേബർകമ്മീഷണർ ഓട്ടോമേഷൻ സിസ്റ്റം എന്ന ഒരു സോഫ്റ്റ്‌വെയർ സംവിധാനം നിലവിലുള്ള കാര്യം എല്ലാപേർക്കും അറിവുള്ളതാണ്. ഈ സംവിധാനം വഴി തൊഴിൽവകുപ്പിന്റെ വിവിധ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ ,ലൈസൻസ് എന്നിവ അനുവദിക്കുവാനും പുതുക്കി നൽകുവാനും, പരിശോധനാ കുറിപ്പുകൾ, നോട്ടീസുകൾ, ഉത്തരവുകൾ, കാരണംകാണിക്കൽ നോട്ടീസുകൾ എന്നിവ പുറപ്പെടുവിക്കുവാനും, വിവിധങ്ങളായ റിപ്പോർട്ടുകൾ ഉണ്ടാക്കുവാനും സാധിക്കും. ലേബർ കമ്മീഷണർ ഓട്ടോമേഷൻ സിസ്റ്റത്തിൽ ബൃഹത്തായ വിവരശേഖരണത്തിനും, റിപ്പോർട്ടുകൾക്കും വ്യവസ്ഥയുള്ളതിനാൽ ഓൺലൈനായിത്തന്നെ ഇവ പരിശോധിക്കുവാനും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് വേണ്ട വിവരങ്ങൾ ഉടനടി നൽകുവാനും സാധിക്കുന്നതാണ്.

മേൽ കാര്യങ്ങൾ മുൻ നിർത്തി വകുപ്പിൽ നിന്നും അനുവദിക്കുന്ന എല്ലാത്തരം രജിസ്ട്രേഷനുകളും, റിന്യൂവലുകളും, പരിശോധനാ നോട്ടീസുകളും, ഉത്തരവുകളും മറ്റും ഓൺലൈനായി മാത്രമേ നൽകാവൂ എന്ന നിർദ്ദേശം പല ഓഫീസുകളും കാര്യക്ഷമമായി പാലിച്ചു വരുന്നതായി കാണുന്നില്ല. ഇപ്രകാരമുള്ള പ്രവർത്തികൾ ഓൺലൈനായി മാത്രം ചെയ്യേണ്ടതാണ്. 2016 ജനുവരി മാസം മുതൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

ലേബർകമ്മീഷണർക്കുവേണ്ടി

പകർപ്പ്; എല്ലാ സബ് ഓഫീസുകൾക്കും

എം.എസ് 10/12/15